നൽകാമെന്നേറ്റ സ്ഥലം ഏറ്റെടുക്കുന്നതിന് ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലവും ഫയർ സ്റ്റേഷനു വേണ്ട കെട്ടിടവും മറ്റു സൗകര്യങ്ങളും ആവശ്യമായ ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ അനുവദിക്കാവുന്നതാണ്.

എം.എൽ.എ. ഹോസ്റ്റൽ അറ്റന്റന്റുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

101. [866] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ. ഹോസ്റ്റൽ അറ്റന്റർമാരെ നിയമിക്കുന്നതിന് പി.എസ്.സി. എന്നാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് ?

ഉത്തരം

പി.എസ്.സി. യിൽ നിന്ന് വിവരം ശേഖരിച്ചുവരുന്നു.

റവന്യൂ വകുപ്പിലെ അഴിമതി കേസുകൾ

102. [867] ശ്രീ. വി.കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിജിലൻസ് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം ഏത് വകുപ്പിലാണ് ഏറ്റവും കൂടുതൽ അഴിമതി കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) റവന്യൂ വകുപ്പിൽ എത്ര അഴിമതി കേസുകളാണ് വിജിലൻസ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ വകുപ്പിന്റെ ഏതൊക്കെ തലങ്ങളിലാണ് ഏറ്റവും കൂടുതൽ അഴിമതി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ?

ഉത്തരം

(എ) പഞ്ചായത്ത് വകുപ്പിലാണ് ഏറ്റവും കൂടുതൽ വിജിലൻസ് കേസുകൾ റജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) 2001 മേയ് മാസത്തിനുശേഷം നാളിതുവരെ റവന്യൂ വകുപ്പിൽ 71 വിജിലൻസ് കേസുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) വ്യാജരേഖകൾ ഉപയോഗിച്ച് വനഭൂമി കയ്യേറ്റം, റവന്യൂ ഭൂമി കയ്യേറ്റം, വ്യാജപട്ടയ നിർമ്മാണം, വ്യാജരേഖകൾ നിർമ്മിച്ച് സർക്കാർ ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യവ്യക്തികൾക്ക് കൈമാറ്റം ചെയ്യുക, റവന്യൂ ഉദ്യോഗസ്ഥരുടെ കൈക്കൂലി അവിഹിത സ്വത്ത് സമ്പാദനം തുടങ്ങിയ ക്രമക്കേടുകളിൻമേലാണ് വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

റോഡപകടങ്ങൾ

103. [868] ശ്രീ. സി.ടി. അഹമ്മദലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 വർഷമായി എത്ര റോഡപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള ഓരോ വർഷത്തേയും കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡപകടങ്ങളിൽ എത്രപേർ മരിച്ചുവെന്നും എത്രപേർക്ക് പരിക്ക് പറ്റിയെന്നും വ്യക്തമാക്കുമോ ;

(സി) റോഡപകടങ്ങൾ കുറക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) പ്രസ്തുത റോഡപകടങ്ങളിൽ 15790-പേർ മരണമടഞ്ഞു. 270487 പേർക്ക് പരിക്ക് പറ്റി.

(സി) റോഡപകടങ്ങൾ കുറക്കുന്നതിന് ട്രാഫിക് എൻഫോഴ്സ്മെന്റ് സംവിധാനം ശക്തമാക്കുന്നതിനും, ഹൈവേ പെട്രോളിംഗ് ഊർജ്ജസ്വലമാക്കുന്നതിനും, മെച്ചപ്പെട്ട വേഗത നിയന്ത്രണ പരിശോധന ഉപകരണങ്ങൾ വാങ്ങുന്നതിനും, കൂടുതൽ ട്രാഫിക് പോലീസിനെ നിയമിക്കുന്നതിനും, റോഡ് സുരക്ഷ അതോറിറ്റി സ്ഥാപിക്കുന്നതിനും, റോഡുകളുടെ വീതി വർദ്ധിപ്പിക്കുന്നതിനും, കാൽനട യാത്രക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കാവുന്ന ഫുട്പാത്തുകൾ നിർമ്മിക്കുന്നതിനും ട്രാഫിക് നിയമങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കും, ഡ്രൈവർമാർക്കും ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങുന്നതിനും, മെച്ചപ്പെട്ട അപകട ശുശ്രൂഷ പെട്ടെന്ന് നൽകുന്നതിനുമുള്ള നടപടികളും, നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയും പരിഗണിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് പുതുതായി പ്രവർത്തനം തുടങ്ങിയ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ റോഡ് സുരക്ഷാ വിഭാഗം പ്രത്യേകമായി പ്രവർത്തിക്കുന്നുണ്ട്. ഭരണ നവീകരണ പദ്ധതി പ്രകാരം പോലീസ് സേനാ അംഗങ്ങൾക്ക് ട്രാഫിക് നിയമങ്ങൾ, റോഡ് സുരക്ഷ, അപകട ശുശ്രൂഷ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് പ്രത്യേക പരിശീലന പരിപാടി നടപ്പിലാക്കി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly